LEGISLATIVE BUSINESS

The Travancore-Cochin Appropriation Bill—1950

Sri. A. J. John: Sir, I beg to introduce the Travancore-Cochin Appropriation Bill—1950. സർ, ഈ ബിൽ ഇവിടെ അവതരിപ്പിക്കുന്നതോടുകൂടി ചെയ്തായ ഒരു പ്രസ്താവന ചെയ്യണം എന്നുകൂടി ഞാൻ വിചാരിക്കുന്നുണ്ട്. അപ്രോപ്രിയേഷൻ ബിൽ ഇവിടെ അവതരിപ്പിക്കുന്നതു് ഇതു് ആദ്യമായിട്ടാണു്. സെൻട്രൽ പാർലിമെൻറിലും അപ്രോപ്രിയേഷൻ ബിൽ രണ്ടുമൂന്നു ദിവസംകൊണ്ടു് അതായതു് മാച്ചു് ൨൯-ാംതിയ്യതി ബിൽ അവതരിപ്പിക്കുകയും അതിനെ സംബന്ധിച്ചു് ൨൪-ാംതിയ്യതി ഡിസ്കഷൻ കഴിഞ്ഞു് പാസാക്കുകയും ചെയ്തിട്ടുണ്ടു്. സെൻട്രൽ പാർലിമെൻറിലും അപ്രോപ്രിയേഷൻ ബിൽ ആദ്യമായിട്ടാണു് അവതരിപ്പിച്ചതു്. അതു് അവതരിപ്പിക്കണമെന്നുള്ളതിനു് ഭരണഘടനയിൽതന്നെ വ്യവസ്ഥയുള്ളതാണു്. ആർട്ടിക്കിൾ ൨൦൩-ൽ പറയുന്നതു് ഡിമാൻറസ് ഫോർ ഗ്രാൻറസ് പാസായി കഴിഞ്ഞതിനുശേഷം കൺസോലിഡേറ്റഡ് ഫണ്ടു് അഥവാ സഞ്ചിതനിധിയിൽനിന്നും ആവശ്യമുള്ളതായ തുകകൾ അപ്രോപ്രിയേറ്റു് ചെയ്യുന്നതിലേക്കു് ഒരു അപ്രോപ്രിയേഷൻ ബിൽ ഇവിടെ പാസാക്കണമെന്നു് വിവരിച്ചിട്ടുണ്ടു്. ആർട്ടിക്കിൾ ൨൦൩-ൽ പറയുന്നതു് "As soon as may be after the grants under article 203 have been made by the Assembly, there shall be introduced a Bill to provide for the appropriation out of the Consolidated Fund of the State of all moneys required to meet the grants so made by the Assembly; etc." കൺസോലിഡേറ്റഡ് ഫണ്ടിൽ ഏതെല്ലാം ഉൾപ്പെടുമെന്നുള്ളതിനെപ്പറ്റി ആർട്ടിക്കിൾ ൨൬൬-ൽ വിവരിക്കുന്നുണ്ടു്. ൨൬൬ സബ്ക്ലാസ് (൧)-ൽ പറയുന്നതു് "No moneys out of the Consolidated Fund of India or the Consolidated Fund of a State shall be appropriated except in accordance with law and for the purposes and in the manner provided in this Constitution." ഈ കൺസോലിഡേറ്റഡ് ഫണ്ടിൽനിന്നു് തുക എടുക്കുന്നതിലേക്കു് ഒരു അപ്രോപ്രിയേഷൻ ബിൽ ഹാജരാക്കി പാസാക്കണമെന്നു് ഭരണഘടനയിൽ വ്യവസ്ഥയുള്ളതുകൊണ്ടാണു്. ഈ ബിൽ ഇവിടെ അവതരിപ്പിക്കുന്നതു്.

ശ്രീ. എൻ. കുഞ്ഞുരാമൻ: ഞാൻ ഇതിനെ പിന്താങ്ങുന്നു.

Sri. P. Balakrishnan Tampi: Sir, may I request the Chair to define the scope of discussion on such an important Bill, because precedent in this matter of the Central Assembly has been none too helpful. There it was something like the nature of the Budget discussion. I believe it would be useful if the Chair is pleased to define the scope of the discussion of a Bill of this nature.

മി. സ്പീക്കർ: അസംബ്ലിച്ചട്ടങ്ങളിലെ ൪൧-ാം ചട്ടമനുസരിച്ചു് ഈ ബില്ലിൻെറ പൂർവ്വാലോചനയ്ക്കും തത്സംബന്ധമായ നടപടികൾ പൂർത്തീകരിക്കുന്നതിനുമായി ഈമാസം ൨൭-ാം തിയ്യതി നിശ്ചയിച്ചിരിക്കുന്നു. നാളെ ചോദ്യോത്തരത്തിനുള്ള സമയം ബാക്കി വരുന്നതായാൽ ആ സമയവും ഇതിലേക്കു് വിനിയോഗിക്കുന്നതാണു്. ഇതിലേക്കു് ഭരണഘടനയിലെ ൨൦൩-ാംവകുപ്പു് രണ്ടാം ഉപവകുപ്പിനു് വിധേയമായി ഭേദഗതികൾ അവതരിപ്പിക്കുന്ന ബഹുമാനപ്പെട്ട മെമ്പറന്മാർ അതിനുള്ള നോട്ടീസു് ഇന്നു പകൽ രണ്ടുമണിക്കു് അസംബ്ലി സിക്രട്ടറിയെ ഏല്പിക്കേണ്ടതാണു്. അമൻറമൻറുകളുടെ വ്യാപ്തിയെപ്പറ്റി കോൺസ്റ്റിറ്റ്യൂഷനിൽ വിവരിച്ചിട്ടുള്ള സ്ഥിതിക്കു് അതിനെ സംബന്ധിച്ചു് ക്ലുപ്തമായ ഒരു വിവരണമോ നിർദ്ദേശമോ ഇപ്പോൾ ഉണ്ടാക്കണമെന്നു് തോന്നുന്നില്ല.

Sri. A. Nesamony: As was pointed out by Mr. Tampi; it is a new Bill and we have it here for the first time. So, the 12 hours notice is too inadequate to submit amendments and the 24 hours time allotted is too inadequate to go through the provisions of the Bill and contribute anything towards the discussion of this Bill. I would therefore say that at least a day's time be allotted for the discussion. Now we have only twenty-four hours and during the course of this day's sitting we have to send in our amendments.

Mr. Speaker: It was announced last day that this would be taken up for discussion tomorrow.

Sri. A. Thanu Pillai: Sir, though it has been put down in tomorrow's agenda and though it has been so announced yesterday, it will be useful to go into the provisions of the constitution and the procedure in the House of Commons before we discuss this, because we can avoid creating any bad precedent. It will be profitable to look into the relevant law and practice elsewhere

LIBRARY ARCHIVES Kerala Legislative Assembly

and no harm will ensure if instead of tomorrow we take up the matter the day after. Whatever business that we may have to attend to day after tomorrow may be attended tomorrow. It will make no difference.

Sri. A. J. John : All the supplementary grants are scheduled to be taken up on the 29th.

Sri. A. Thanu Pillai : We can have supplementary grants tomorrow.

Sri. A. J. John : We have no objection.

Sri. C. V. Iyyu : The time for making the amendments may also be extended up to 11o'clock tomorrow.

Mr. Speaker : If that is the sense of the House I don't see any objection to that course being adopted.

Sri. P. Balakrishnan Tampi : It is out of courtesy to the opposition that the hon'ble member.....

Mr. Speaker : Any change in the programme, if it is not going to encroach upon the convenience of the House as a whole, or the expeditious discharge of our work, I think it may be allowed. As reards, supplementary grants, probably there may be nothing wrong or irregular in taking them up tomorrow instead of the day after, the appropriation Bill being postponed for discussion to day after tomorrow.

ശ്രീ. കെ. അയ്യപ്പൻ : ഈ ഇറ്റലറായ സംഗതി ഈ ഹൌസിലെ കുറെ ആളുകൾ പറഞ്ഞതുകൊണ്ട് റ്റലറാക്കുവാൻ സാധിക്കുകയില്ലെന്നാണ് എനിക്കു തോന്നുന്നതു്. ഒരു പ്രോഗ്രാം പരസ്യം ചെയ്തിട്ട്, അതിനു നോട്ടീസ് കൊടുത്തിട്ട്, അതിൽ പറഞ്ഞിട്ടുള്ള ഒരു വിഷയം അതിനു നിശ്ചയിച്ചിട്ടുള്ള ദിവസത്തിനുമുമ്പ് ഇവിടെ ആലോചനയ്ക്ക് എടുത്താൽ ഇന്നു ഇവിടെ ഹാജരില്ലാത്ത ഒരു മെമ്പർക്ക് അന്നുവന്നു അബ്ജക്റ്റ് ചെയ്യാം.

Sri. K. P. Nilakanta Pillai : No, rules do not provide.

ശ്രീ. കെ. അയ്യപ്പൻ : അജൻറയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒരു വിഷയത്തെക്കുറിച്ച് ആലോചിക്കുവാനുള്ള ദിവസം അങ്ങോട്ട് നീട്ടിവയ്ക്കാം. എന്നാൽ ആ ദിവസം പിന്നോക്കം കൊണ്ടുവരുന്നതു് ഇറ്റലർ ആണെന്നാണ് എനിക്കു തോന്നുന്നതു്. ഇന്നു ഈ ഹൌസ് തീർച്ചയാക്കിയാലും ഇവിടെ ഹാജരാകാത്തവരെ സംബന്ധിച്ചിടത്തോളം അതു് റ്റലർ ആയിരിക്കുമെന്ന് എനിക്കു തോന്നുന്നില്ല.

Sri. K. P. Nilakanta Pillai : When notice has already been given to move the supplementary grant, what is the difficulty if it is moved any day during the session ?

Mr. Speaker : Taking the general sense of the House, I thought it was necessary to allow some more time for commencing discussion on the Appropriation Bill. But no doubt, the changes in the agenda brought about for that purpose should not amount to an irregularity.

ശ്രീ. കെ. അയ്യപ്പൻ : സർ, ഈ അപ്രോപ്രിയേഷൻ ബില്ലിൻെറ ദിവസം നീട്ടിവയ്ക്കുന്നതിനെ എതിർക്കുവാനല്ല ഞാൻ ഇതു പറയുന്നതു്. സാധാരണ പതിവു് അനുസരിച്ച് ഒരു ദിവസത്തേക്ക് നിശ്ചയിച്ച ഒരു വിഷയം അതുകഴിഞ്ഞു മറെറാരു ദിവസത്തേക്കു നീക്കിവയ്ക്കാമെന്നല്ലാതെ അതിൻെറ ദിവസം പിന്നോക്കം കൊണ്ടുവന്നാൽ എതെങ്കിലും ഒരു മെമ്പർക്ക് അതിനെ അബ്ജക്റ്റ് ചെയ്യാമെന്നാണ് എനിക്കു തോന്നുന്നതു്. അതുകൊണ്ടാണ് അതു ഇറ്റലറാണെന്നു തോന്നുന്നു എന്നു പറഞ്ഞതു്. വളരെ എക്സ്പീരിയൻസ് ഉള്ള മെമ്പറന്മാർ അതു ഇറ്റലറല്ല എന്നു പറയുന്നസ്ഥിതിക്ക് ഞാൻ അതിനെപ്പററി വിരോധം പറയുന്നില്ല.

Mr. Speaker: I see the force of the argument advanced by the honourable Member. സപ്ലിമെൻററി ഗ്രാൻറിനെപ്പറ്റിയുള്ള ആലോചന ഇന്നദിവസമാണെന്നു നോട്ടീസ് കൊടുത്തിട്ടുണ്ട്. ഏതെങ്കിലും മെമ്പറന്മാർക്ക് അതിനെക്കുറിച്ച് എന്തെങ്കിലും വാദങ്ങൾ പുറപ്പെടുവിക്കാനുണ്ടെങ്കിൽ അവർ അന്നു വന്നാൽ മതിയാകും. അന്നു അതു് ആലോചനയ്ക്കു എടുക്കാതെ അടുത്ത ദിവസത്തേക്ക് നീട്ടിവയ്ക്കുന്നതിനു് ആക്ഷേപമില്ല. അജൻറായിൽ കൊള്ളിച്ചിരുന്ന ദിവസം അതിനുവേണ്ടി അവർ ഹാജരാകുന്ന സമയത്തു അതിൻെറ ആലോചന തലേദിവസം എടുത്തുതീർത്തു എന്നുവന്നാൽ അതു ശരിയായിരിക്കുമോ എന്നു ആലോചിക്കേണ്ടതാണ്.

ശ്രീ. എ. ജെ. ജോൺ : സർ, ഈ സഭയിലെ എല്ലാ അംഗങ്ങളും എല്ലാ ദിവസവും ഇവിടെ ഹാജരാകണമെന്നാണ് ഞാൻ. ഇവിടത്തെ നടപടികൾ ഏതുവിധത്തിലാണ് വേണ്ടതു് എന്നു ബഹുമാനപ്പെട്ട സ്പീക്കറാണ് തീരുമാനിക്കേണ്ടതു്. അജൻറാ തീർച്ചയാക്കുന്നതു് സ്പീക്കർ ആയതുകൊണ്ടു് ഒരു ദിവസം വച്ചിട്ടുള്ള സപ്ലിമെൻററി ഡിമാൻറ് മറെറാരു ദിവസത്തേക്കു മാററിവയ്ക്കാവുന്നതാണ്. അതിനു് വിരോധമില്ലെന്നാണ് എനിക്കു തോ

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. J. John]

ന്നന്നതു". ഈ ഹൗസ് തീരുമാനിക്കുന്നതായാൽ അപ്രകാരം ചെയ്യാം. മെമ്പർമാർ ഇവിടെ ഇല്ലെങ്കിൽ അവർ വരുമ്പോൾ ഇവിടെ നടന്ന സംഗതികളെക്കുറിച്ചു് അറിയുവാൻ സാധിക്കുന്നതാണു്.

Sri. A. Thanu Pillai : Sir, since you have already given notice that Supplementary Demands will be taken on the 29th, I also see some force in what Mr. Ayyappan says. If the Government have no objection, we can have legislative business to-day and tomorrow, the Appropriation Bill for the 29th and after that is over go to Supplementary Demands. Or Supplementary Demands can be had on the 30th.

Mr. Speaker: I have no objection if the House agrees to it.

Sri. N. P. Varghese : Under Rule 52, there is no option left to the House. In Rule 52, it is stated "The Rajpramukh may, from time to time, allot a day for the presentation of a statement in respect of supplementary, additional or excess expenditure under Article 205 of the Constitution and such statement shall be dealt with by the Assembly at such time as may be appointed by the Speaker".

Mr. Speaker: That objection does not stand in the way of the suggested change. But to avoid all difficulties, as suggested by Mr. Thanu Pillai and agreed to by the Finance Minister, legislative business may be proceeded with today and tomorrow, the Appropriation Bill on the 29th and the Supplementary Demands on the 30th.

Sri. D. Gnanasigamony : When are we to give amendments.

Mr. Speaker: The time for amendments is extended to 11 a. m. tomorrow instead of 5 p.m. today.

The Holdings (Stay of Execution Proceedings) Bill

Sri. A. J. John: I beg to present the Report of the Select Committee on the Holdings (Stay of Execution Proceedings) Bill and request that the Bill as amended by the Select Committee be taken into consideration.

Sri. N. Kunjuraman: I second it.

The motion that the Bill, as amended by the Select Committee, be taken into consideration was put and carried

ശ്രീ. എ. ജെ. ജോൺ: ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം സാരമായ ഭേദഗതികളൊന്നും സെലക്ട് കമ്മിറ്റി വരുത്തിയിട്ടില്ല. ബി, സി, [ഈ ക്ലാസുകൾ എടുത്തു കളയണമെന്നും നാലാമത്തെ ക്ലാസിലുള്ള പ്രൊവൈസോക്കു് പകരം താഴെ പറയുന്ന പ്രൊവൈസോ ചേർക്കണമെന്നുമാണു് കമ്മിറ്റി തീരുമാനിച്ചിട്ടുള്ളതു്. ആ പ്രൊവൈസോ ഞാൻ ഇവിടെ വായിക്കാം.

"Provided that nothing contained in this section shall preclude the court—

(*a*) from ordering the delivery of possession of the holding to the decree-holder if the court is satisfied either that the lessee has committed intentional and wilful acts of waste or that he has failed to pay the rent of the holding which has accrued due after the commencement of this Act; or

(*b*) from granting any other appropriate relief to which the decree-holder may be entitled."

ഇതുമാത്രമാണു് സെലക്ട് കമ്മിറ്റി ഭേദഗതി ചെയ്തിട്ടുള്ളതു്.

ശ്രീ. എ. കെ. പാച്ചുപിള്ള: സർ, വിധിനടത്തൽ നടപടി നിവർത്തിവയ്ക്കൽ ബില്ലിലെ ഒന്നാം ക്ലാസു്, രണ്ടാം ഉപവകുപ്പിൽ തിരുവിതാംകൂർ എന്ന പദം കഴിഞ്ഞു് കൊച്ചി എന്ന പദംകൂടി ചേർക്കണമെന്നുള്ളതാണു് എന്റെ ഭേദഗതി. ഈ ഭേദഗതികൊണ്ടു് ഞാൻ ഉദ്ദേശിക്കുന്നതു് തിരുവിതാംകൂർ–കൊച്ചി ഐക്യസംസ്ഥാനത്തെ ഈ നിയമം ഒന്നുപോലെ ബാധിക്കണമെന്നുള്ളതാണു്. ഫ്രഞ്ച്–ഭാഗം വിധിനടത്തൽ നടപടി നിവർത്തിവയ്ക്കുന്ന ബിൽ തിരുവിതാംകൂർ നിയമസഭയിൽ ഹാജരാക്കിയതു്. അതിനുശേഷം പല ഭേദഗതികളും ഈ ബില്ലിൽ വരുത്തുന്നതിനായി പല ബഹുമാനപ്പെട്ട മെമ്പറന്മാരും സഭയിൽ സമർപ്പിക്കുകയും അവ സഭയുടെ ചർച്ചയ്ക്കു വിധേയമാക്കുകയും ചെയ്തിട്ടുണ്ടു്. അതു കഴിഞ്ഞു് സംയോജനം നടപ്പിൽവന്നു. അതിനുശേഷം ഇവയെപ്പറ്റി ഒരു നിയമംതന്നെ ഉണ്ടാക്കുന്നതിനുപകരം ഒരു ആർഡിനൻസ് മുഖേന അതിനെ രൂപാന്തരപ്പെടുത്തുകയാണു് ചെയ്തിട്ടുള്ളതു്. എന്നാൽ സംയോജനം കഴിഞ്ഞു് ഏകദേശം ഇപ്പോൾ ൻ മാസക്കാലമായി. ഇങ്ങനെ സാധാരണ നിയമങ്ങൾ നിവർത്തിവച്ചുകൊണ്ടു്, സിവിൽ നടപടിപ്രകാരമുള്ള ജനങ്ങളുടെ ന്യായമായ അവകാശങ്ങളേയും സ്വാതന്ത്ര്യങ്ങളേയും ഈ ആർഡിനൻസു്

LIBRARY ARCHIVES Kerala Legislative Assembly